# ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1) ഇന്ത്യയ്ക്കകത്ത് നടക്കപ്പെടുന്ന സെമിനാർ ശിൽപശാല എന്നിവയ്ക്ക് ഒരു അദ്ധ്യാപകൻ പങ്കെടുക്കുന്ന ദിവസങ്ങളുടെ എണ്ണം ഒരു അദ്ധ്യയന വർഷത്തിൽ 10 (പത്തിൽ) അധികരിക്കാൻ പാടില്ല.

G O (MS) NO 889/2014/H EDN 13.11.2014
DCE Circular B2/33016/2022 dated 22.07.2022

2) NCC - ANO ചാർജ്ജുള്ള അദ്ധ്യാപകർക്ക് NCC PRCN കോഴ്സിൽ പങ്കെടുക്കുന്ന കാലയളവ് ഡ്യൂട്ടി ആയി കണക്കാക്കാവുന്നതാണ് .

GO (Rt) No 204/2021/H EDN 03.02.2021

3) UGC - HRDC (ഹ്യൂമൻ റിസോഴ്സ് ഡെവലെപ് മെന്റ് സെന്റർ) കൾ സ്ഥിര അദ്ധ്യാപകർക്ക് നടത്തുന്ന ഓറിയെന്റേഷനുകൾ / റിഫ്രഷർ കോഴ്സുകൾ 'On duty' ആയി പരിഗണിക്കേണ്ടതാണ് .

UGC Letter No F 5-1/2018(HRDC) Dated 04.06.2018

4) കോളേജ് അഫിലിയേറ്റ് ചെയ്യപ്പെട്ട സർവകലാശാലയിലെ റെഗുലർ വിദ്യാർഥികളുടെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ജോലികൾ On duty ആയി കരുതപ്പെടുന്നതാണ്.

GO (MS)200/2009/H EDN Dated 12.11.2009

5) UGC അക്കാദമിക് സ്റ്റാഫ് കോളേജുകൾ അധ്യാപകരുടെ പ്ലെയ്സ്മെന്റുമായി ബന്ധപ്പെട്ട് നടത്തുന്ന ഓറിയന്റേഷനുകൾ/റിഫ്രഷർ/ സ്പെഷ്യൽ സമ്മർ/വിന്റർ പ്രോഗ്രാമുകൾക്ക് ഒരു അക്കാദമിക് വർഷം 10 ദിവസമെന്ന പരിധി ബാധകമല്ല .

GO (MS) No 262/2015/H EDN Dated 15.06.2015

6) വെക്കേഷൻ കാലയളവിൽ അധ്യാപകർ റിഫ്രഷർ/ ഓറിയന്റേഷനിൽ പങ്കെടുക്കുന്ന പക്ഷം ആ കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കാവുന്നതാണ് .

കേരള സർക്കാർ ഉ.വി.വ 36189/ഡി1/05 തിയതി 14.08.2006 നമ്പർ കത്ത് .

7) സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് സ്വയം സമ്മതപത്രം (Self Declaration) പ്രിൻസിപ്പാൾ മേലൊപ്പ് വെക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി കാലയളവ് ഡ്യൂട്ടി ആയി പരിഗണിക്കാവുന്നതാണ്, ഇതിന് പരിധിയില്ല.

സർക്കാർ കത്ത് 8467/F3/12/HEDN തിയതി 17.04.2012

8) ഓറിയന്റേഷൻ/റിഫ്രഷർ പ്രോഗ്രാമുകൾക്ക് അധ്യാപകരെ വിടുതൽ ചെയ്യുമ്പോൾ വിദ്യാർഥികൾക്ക് അദ്ധ്യയനം തടസപ്പെടരുത്. On Duty/Other Duty സംബന്ധിച്ച് രജിസ്റ്റർ കോളേജിൽ സൂക്ഷിക്കേണ്ടതാണ്.

കോ.വി.വ സർക്കുലർ ബി2/38443/ 2016/കോ.വി.വ തിയതി 16.11 .2016

9) യൂണിവേഴ്സിറ്റി രജിസ്ട്രാർ, പരീക്ഷ കൺട്രോളർ എന്നിവരുടെ ഉത്തരവോടെ അദ്ധ്യാപകർ പങ്കെടുക്കുന്ന ഓപ്പൺ ഡിഫൻസ്, എക്സാം ഡ്യൂട്ടി, എൻ.എസ്.എസ്. പ്രോഗ്രാം, എന്നിവക്ക് 10 ദിവസ പരിധി എന്ന നിബന്ധനയ്ക്ക് പുറത്ത് ഡ്യൂട്ടി ലീവ് അനുവദിക്കാവുന്നതാണ്

കോ.വി.വ കത്ത് ബി1/ /2017/കോ.വി.വ 22 .02.2018

10) UGC അംഗീകരിച്ച ഓറിയന്റേഷൻ/റിഫ്രഷർ ഓൺ ഡ്യൂട്ടി ആയതിനാൽ മാനേജരുടെ NOC ആവശ്യമില്ല.

സർക്കാർ കത്ത് D1/38/2019 ഉവിവ തിയതി 30.07.2019

11) ഒരേ ഡിപ്പാർട് മെന്റിൽ നിന്നും രണ്ടിലധികം അപേക്ഷകരുണ്ടെങ്കിൽ സീനിയർ ആയവരെ പരിഗണിക്കണം.
സർക്കാർ ഉത്തരവ് GO (MS ) 113/92 /H Edn dtd 29/6/92

12) എയ്ഡഡ് കോളേജ് അധ്യാപകർക് ഇന്ത്യയ്ക്ക് അകത്ത് വെച്ചുനടക്കുന്ന സെമിനാർ, കോൺഫറൻസ്, റിഫ്രഷർ/ഓറിയെന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കുന്നതിനായി അനുമതി നൽകുന്നതിന് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (കത്ത് നമ്പർ ഡി1/43125/2018/DCE, Dtd 23/11/2018 )

13) ഡിസ്റ്റൻസ് എഡ്യൂക്കേഷൻ എക്സാമിനേഷൻ ജോലികളിൽ ഏർപ്പെടുന്ന അധ്യാപകർക്ക് ഡ്യൂട്ടി ലീവിന് അർഹതയില്ല (സർക്കാർ കത്ത് നമ്പർ 5799/ഡി1/2003 Dtd 29/03/2003 )

14 ) NSS Special camp കളിൽ പങ്കെടുക്കുന്ന അധ്യാപകർക്കുള്ള Special Casual leave 3 ദിവസമായി നിജപ്പെടുത്തിയിരിക്കുന്നു. (GO(RT)No. 78/2012/HEDN Dtd 10/01/2012)

15) ഡ്യൂട്ടി ലീവ് എന്നത് KSR ലോ KSSR ലോ നിർവചിച്ചിട്ടില്ല അതിനാൽ ഒരു അധ്യാപകന്റെ ജോലിയുടെ ഭാഗമായുള്ള എല്ലാ ജോലികളും On duty ആയി പരിഗണിക്കാവുന്നതാണ്.
ഉദാ: 1. പരീക്ഷ സംബന്ധമായ ഇൻവിജിലേഷൻ, മൂല്യനിർണയ ജോലികൾ
2. NCC, NSS എന്നിവയുമായി ബന്ധപ്പെട്ട് വ്യക്തമായ ഉത്തരവുകളോട് കൂടി പ്രിൻസിപ്പാളിന്റെ അനുവാദത്തോടെ പങ്കെടുക്കുന്ന ജോലികൾ
3. സിണ്ടിക്കേറ്റ് യോഗങ്ങളിൽ പങ്കെടുക്കുന്ന സിണ്ടിക്കേറ്റ് അംഗങ്ങളുടെ ദിനങ്ങൾ.
Career advancement മായി ബന്ധപ്പെട്ട് പങ്കെടുക്കുന്ന മറ്റ് ജോലികൾ Other duty ആണ്.ഇതിൽ Orientation/Refresher course എന്നിവ On duty ആയി പരിഗണിക്കണമെന്ന് യു.ജി.സി നിർദേശിച്ചിട്ടുണ്ട്. Other duty യിൽ പെടുന്ന ചില കാര്യങ്ങൾ താഴെ പറയുന്നവയാണ്.
1. സെമിനാർ, വർക്ക് ഷോപ് എന്നിവയിൽ പങ്കെടുക്കുന്ന കാലയളവുകൾ
2. പഠിപ്പിക്കുന്ന കോളേജ് അഫിലിയേറ്റ് ചെയ്യിട്ടില്ലാത്ത സർവ്വകലാശാലയുടെ പരീക്ഷ ജോലികൾ
3. ഓപ്പൺ ഡിഫൻസ്

ഏൺഡ് ലീവ് സറണ്ടർ ( *ആർജ്ജിതാവധി വിൽപ്പന*) KSR Part I Rule 78

<u>അദ്ധ്യാപക വിഭാഗം</u>

* **വെക്കേഷൻ കാലയളവ് ഉപേക്ഷിച്ചുകൊണ്ട് സൂപ്പർ വിഷൻ,ഇൻവിജിലേഷൻ,പേപ്പർ വാല്യൂവേഷൻ ഡ്യൂട്ടികൾക്ക് നിയോഗിക്കപ്പെടുന്ന സർക്കാർ/എയിഡഡ് കോളേജ് അദ്ധ്യാപകർക്ക് ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.** KSR Part I Rule 81
GO ( MS )No.178/2017/H.EDN. Dtd.04/7/2017

* എന്നാൽ ജോലിയിൽ പ്രവേശിച്ച് ആദ്യ വർഷത്തെ വേക്കേഷൻ ഡ്യൂട്ടിയ്ക്ക് ഈ ആനുകൂല്യം അനുവദനീയമല്ല. KSR Part I Provisio to Rule 86

*വെക്കേഷൻ കാലത്ത് ഡ്യൂട്ടി ചെയ്യുന്ന അദ്ധ്യാപകർക്ക് അനുവദിക്കുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റിൽ പരീക്ഷാ സൂപ്രണ്ട്, പ്രിൻസിപ്പാൾ എന്നിവർ തീയതി വച്ച് ഒപ്പിട്ട് ഓഫീസ് സീൽ പതിക്കേണ്ടതാണ്

.* പ്രിൻസിപ്പാൾ തന്നെയാണ് ചീഫ് സൂപ്രണ്ടിന്റെ ചുമതലയും വഹിക്കുന്നതെങ്കിൽ സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതാണ്.

* ഒരു സർവകലാശാലയുടെ കീഴിലുള്ള അദ്ധ്യാപകരെ മറ്റ് സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാൻ പ്രിൻസിപ്പാൾമാർക്ക് അധികാരമില്ല. ( A1/8902/2016/Coll.Edn.)

* ഒരു വെക്കേഷൻ ഡ്യൂട്ടി രെജിസ്റ്റർ കോളേജുകളിൽ **സൂക്ഷിക്കേണ്ടതും ആയതിൽ വെക്കേഷൻ ഡ്യൂട്ടി സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തി പ്രിൻസിപ്പാൾ സക്ഷ്യപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത രജിസ്റ്റർ, സേവനപുസ്തകം, ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ എന്നിവ സമയ ബന്ധിതമായി ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ ഹാജരാക്കി ലീവ് അക്കൗണ്ട് മേലൊപ്പ് വയ്ക്കേണ്ടതാണ്.** ( D1/28963/04 Dtd. 30/7/2004 Coll.Edn. & **D1/22193/04 Dtd.01/10/2004)**

* **വെക്കേഷൻ കാലയളവിലുൾപ്പെടെ** പ്രിൻസിപ്പാൾമാരുടെ എല്ലാ കർത്തവ്യങ്ങളും നിർവഹിക്കുന്ന ഡി.ഡി.ഓ-മാർക്കും ആർജ്ജിതാവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ( D1/43334/2017/Coll.Edn. Dtd.22/02/2018 )

* വെക്കേഷൻ കാലയളവിനിടയിൽ സർക്കാർ/കോ.വി.വ. ഡയറക്ടർ നിയോഗിക്കുന്ന റിഫ്രഷർ/ഓറിയന്റേഷൻ കോഴ്സുകൾക്ക് പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ആർജ്ജിതാവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.
( GO ( Rt.) No.1754/2017/H.Edn. Dtd.03/10/2017 )

* വെക്കേഷൻ കാലയളവിൽ ഇലക്ഷൻ ഡ്യൂട്ടി ചെയ്യുന്ന അദ്ധ്യാപകർക്ക് ഡ്യൂട്ടി പൂർത്തിയാക്കിയതിന് ശേഷം അനുവദിക്കുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആർജ്ജിതാവധിക്ക് അർഹതയുണ്ട്.
( Endt.No.D1/34660/2015 Dtd.13/06/2016
No.1836/E.A.2/2016 Election Dtd.05/5/2020 )
**എന്നാൽ ഇലക്ഷൻ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചുകൊണ്ടുള്ള പ്രാഥമിക ഉത്തരവ് ഡ്യൂട്ടി സർട്ടിഫിക്കറ്റായി പരിഗണിക്കുന്നതല്ല.

*എൻ.സി.സി. ഓഫീസർമാരായ അദ്ധ്യാപകർക്ക് സമ്മർ വെക്കേഷൻ കാലത്തെ ഡ്യൂട്ടികൾക്ക് ആർജ്ജിതാവധി ആനുകൂല്യമുണ്ട്. എന്നാൽ ഓണം/ക്രിസ്തുമസ് അവധിക്കാലത്തെ അദർ ഡ്യൂട്ടി,കംബൈൻഡ് ആനുവൽ ട്രയിനിങ് ക്യാമ്പ് എന്നിവയ്ക്ക് ആർജ്ജിതാവധി ആനുകൂല്യം അനുവദനീയമല്ല.
( D5/1663/2016/ Coll.Edn. Dtd.21.12.2016 )

.* വെക്കേഷൻ കാലയളവിൽ ഹോസ്റ്റലുകൾ തുറന്ന് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഹോസ്റ്റൽ വാർഡന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപർക്ക് ആർജ്ജിതാവധി ആനുകൂല്യമുണ്ട്. KSR Part I Rule 81 & F1/47/2021/H.Edn. Dtd.18/4/2022

*സ്വയം ഭരണാധികാരമുള്ള കോളേജുകളിൽ വെക്കേഷൻ കാലയളവിൽ പരീക്ഷാ കൺ ട്രോളറായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ഡ്യൂട്ടി ചെയ്ത ദിവസങ്ങൾക്ക് ആനുപാതികമായി ആർജ്ജിതാവധി അനുവദിക്കാവുന്നതാണ്. ( F1/47/2021/H.Edn. Dtd.18/4/2022 )

*ഒരു അദ്ധ്യാപകൻ ഒഴിവുകാലം ഇല്ലാത്ത വകുപ്പിലേക്ക് മാറിയാൽ ടിയാൾ ഒഴിവുകാലമുള്ള വകുപ്പിലായിരുന്നപ്പോൾ ഒടുവിലായി വന്ന ഒഴിവുകാലത്തിന്റെ അവസാന ദിവസം കഴിഞ്ഞുള്ള ദിവസം മുതൽ ഒഴിവുകാലമില്ലാത്ത വകുപ്പിലേക്ക് മാറിയതായി പരിഗണിച്ച് ആർജ്ജിതാവധി ലഭിക്കുന്നതാണ്. ( KSR Part I Rele 81 Note 4 )

__ഉദാ:-__ 01/06/2021ൽ ആരംഭിച്ച അദ്ധ്യയന വർഷത്തിൽ അസി.പ്രൊഫസ്സറായി ജോലി ചെയ്തിരുന്നയാൾ പി.എസ്.സി.മുഖേന സെക്രട്ടേറിയറ്റ് അസ്സിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചുവെങ്കിൽ ഒഴിവുകാലം അവസാനിച്ച 31/05/2021 ന്റെ അടുത്ത ദിവസമായ 01/06/2021 മുതൽ ഒഴിവുകാലമില്ലാത്ത വകുപ്പിലേക്ക് മാറിയതായി പരിഗണിച്ച് 01/06/2021 മുതൽ ടിയൾ ഏൺഡ് ലീവ് ആർജ്ജിക്കുന്നതാണ്.

*** ഒരു വെക്കേഷന് ഇടയിലാണ് ഈ മാറ്റമെങ്കിൽ ആ വെക്കേഷൻ പൂർണ്ണമായി കഴിഞ്ഞതിന്റെ അടുത്ത ദിവസം മുതൽ ഒഴിവുകാലമില്ലാത്ത് വകുപ്പിലേക്ക് മാറിയതായി പരിഗണിക്കുന്നു.**

**__ഉദാ:-__01/04/2021 മുതൽ ഒഴിവ് കാലത്തിന് അർഹതയുണ്ടായിരുന്ന ഒരു അസ്സി.പ്രൊഫസ്സർ പോലീസ് ഡിപ്പാർട്ട്മെന്റിൽ സയന്റിഫിക് അസ്സിസ്റ്റന്റായി 15/05/2021ൽ ജോലിയിൽ പ്രവേശിച്ചാൽ ടിയാന് 15/05/2021 മുതൽ 31/05/2021 വരെയുള്ള ഒഴിവുകാലം തടയപ്പെട്ടതായി കണക്കാക്കി കെ.എസ്.ആർ. ചട്ടം 81 അനുസരിച്ചുള്ള ഏൺ ഡ് ലീവ് ആർജ്ജിക്കുവാൻ അർഹതയുണ്ട്. ആയതിനാൽ ഒഴിവുകാലമില്ലാത്ത വകുപ്പിലെ സേവനം 01/06/2021 ആരഭിച്ചതായി കണക്കാക്കണം.* ഒഴിവുകാലമില്ലാത്ത വകുപ്പിൽ നിന്നും ഒരു ജീവനക്കാരൻ ഒഴിവുകാലത്തിനർഹതയുള്ള കോളേജ് അദ്ധ്യാപക തസ്തികയിൽ ജോലിയിൽ പ്രവേശിച്ചാൽ ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതിക്ക് തൊട്ടുമുമ്പുള്ള ഒഴിവുകാലം എന്ന് അവസാനിച്ചുവോ അന്നുവരെയുള്ള കാലയളവ് മാത്രമേ ഏൺഡ് ലീവ് ആർജ്ജിക്കുന്നതിന് പരിഗണിക്കുകയുള്ളൂ.**

**ഉദാ:-** 25/09/2021വരെ ഒഴിവുകാലമില്ലാതിരുന്ന വകുപ്പിൽ ജോലി ചെയ്തിരുന്നയാൾ 26/09/2021 -ൽ കോളേജ് അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചാൽ തൊട്ട് മുൻപ് വെക്കേഷൻ അവസാനിച്ച 31.05.2021 വരെയുള്ള കാലയളവിലെ ഏൺഡ് ലീവിന് മാത്രമേ അർഹതയുള്ളൂ. 01/06/2021 മുതൽ ടിയാൾ ഒഴിവു കാലമുള്ള വകുപ്പിലേക്ക് മാറിയതായി കണക്കാക്കണം.

**അദ്ധ്യാപകരുടെ ആർജ്ജിതാവധി കണക്കാക്കുന്ന വിധം.**

ഒരു അദ്ധ്യാപകൻ 01.06.2015 ൽ ജോലിയിൽ പ്രവേശിച്ചു. കെ.എസ്.ആർ ചട്ടം 86 പ്രകാരം വെക്കേഷൻ സ്റ്റാഫിന് ആദ്യ വർഷം ( 01/06/2015-31/05/2016 )ആർജ്ജിതാവധി ലഭിക്കില്ല. രണ്ടാം വർഷം ( 01/06/2016-31/05/2017 ) ടിയാൾ മധ്യവേനലവധിക്കാലം പൂർണ്ണമായും പ്രയോജനപ്പെടുത്തി . ഇപ്രകാരം മധ്യവേനലവധിക്കാലം പ്രയോജനപ്പെടുത്തിയതിനാൽ കെ.എസ്.ആർ ചട്ടം 80 പ്രകാരം ആർജ്ജിതാവധിക്ക് അർഹതയില്ല.

**01.06.2017 മുതൽ 31/05/2018 വരെ അവധിക്കാലം പ്രയോജനപ്പെടുത്താതെ ടിയാൾ ഏപ്രിൽ/മേയ് മാസത്തിൽ 61 ദിവസവും വെക്കേഷൻ ഡ്യൂട്ടി ചെയ്തു. ആയതിനാൽ ടിയാൾ 2017-2018 വർഷത്തിൽ 365 ദിവസവും ഡ്യൂട്ടി ചെയ്തതായി കണക്കാക്കി 33 3/11 ( 365/11) ആർജ്ജിതാവധികൾ അനുവദിക്കാം.**

**ടിയാൾ 01/06/2018 മുതൽ 31/5/2019 വരെയുള്ള അദ്ധ്യയന വർഷത്തിൽ 20 ദിവസം വേനലവധി ഒഴിവാക്കി വെക്കേഷൻ ഡ്യൂട്ടി ചെയ്തു.ആയതിനാൽ ടിയാൾക്ക് 30 x 20/61 =9.83 ദിവസം ആർജ്ജിതാവധി അനുവദിക്കാം. ( 9.83 എന്നത് 18.11.1992 ലെ 56/92/ധന.സർക്കുലർ പ്രകാരം 10 ആയി round ചെയ്യാം. )**

01/06/2019 ന് ടിയാളുടെ ക്രെഡിറ്റിലുള്ള ആകെ ആർജ്ജിതാവധികൾ=33 3/11 + 10 =43 3/11.

---

ഒരു വെക്കേഷൻ സ്റ്റാഫ് വെക്കേഷൻ ഡ്യൂട്ടി ചെയ്യുമ്പോൾ താഴെപ്പറയും പ്രകാരം ആർജ്ജിതാവധി കണക്കാക്കേണ്ടതാണ്.

N x 30/ V

N = ചെയ്ത വെക്കേഷൻ ഡ്യൂട്ടികളുടെ എണ്ണം

V = ആകെ വെക്കേഷൻ ദിവസങ്ങൾ

__ഉദാ:-__ ആകെ വെക്കേഷൻ ഡ്യൂട്ടി - 20 ദിവസം

ആകെ വെക്കേഷൻ ദിവസങ്ങൾ - 61

ലഭിക്കുന്ന ആർജ്ജിതാവധി = 20x30/61 = 9.83 ദിവസങ്ങൾ ( 9.83 എന്നത് 18.11.1992 ലെ 56/92/ധന.സർക്കുലർ പ്രകാരം 10 ആയി round ചെയ്യാം. )

**ബ്ലോക്ക് ഇയർ**

ഒരു അദ്ധ്യാപകൻ 01.11.2019 മുതൽ 30.11.2019 വരെ ഒരു മാസം അവധിയെടുത്താൽ 30/5/2020ൽ പൂർത്തിയാവേണ്ട ഒരു വർഷ കാലയളവ് 30.6.2020 ലാണ് പൂർത്തീകരിക്കുന്നത്. ആയതിനാൽ 01.06.2019 -30.6.2020 **ബ്ലോക്ക് ഇയറായി** കണക്കാക്കും. പ്രസ്തുത വർഷത്തെ ആർജ്ജിതാവധി വിനിയോഗിക്കാൻ ടിയാൾക്ക് അർഹത ലഭിക്കുന്നത് ബ്ലോക്ക് ഇയറിന് ശേഷം അഥവാ 01.07.2020 മുതലായിരിക്കും.

------------------------------

**ആർജ്ജിതാവധി - പൊതു വിവരങ്ങൾ**

* സ്ഥിരം/താൽകാലികം/പാർട്ട് ടൈം-ഫുൾ ടൈം കണ്ടിജെന്റ് വിഭാഗം ജീവനക്കാർക്ക് ഏൺഡ് ലീവ് ബാധകമാണ്.

* വെക്കേഷൻ ജീവനക്കാർക്ക് ഏൺഡ് ലീവ് അനുവദനീയമല്ല. എന്നാൽ വെക്കേഷനിലും ഡ്യൂട്ടി ചെയ്യുന്ന വെക്കേഷൻ ജീവനക്കാർക്ക് Nx30/V എന്ന നിരക്കിൽ ഏൺ ഡ് ലീവിന് അർഹതയുണ്ട്.

* സ്ഥിരം ജീവനക്കാർക്ക് ആദ്യത്തെ ഒരു വർഷത്തിൽ 1/22 എന്ന നിരക്കിൽ ഏൺ ഡ് ലീവ് കണക്കാക്കുന്നു. തുടർന്ന് 11 ഡ്യൂട്ടി ദിനങ്ങൾക്ക് ഒരു ദിവസം എന്ന നിരക്കിൽ ഏൺ ഡ് ലീവ് ലഭിക്കുന്നു. 3 വർഷം തികയുമ്പോൾ ആദ്യ വർഷത്തെ ഏൺഡ് ലീവ് 1/11 നിരക്കിൽ പുനക്രമീകരിച്ച് നൽകുന്നു. ( Rule 78 )

*ഒരു ജീവനക്കാരന്റെ അക്കൗണ്ടിൽ കരുതി വയ്ക്കാവുന്ന പരമാവധി ഏൺഡ് ലീവ് 300 ആണ്. ( Rule 79 )

* ഒരേ സമയം പരമാവധി എടുക്കാവുന്ന ഏൺ ഡ് ലീവിന്റെ എണ്ണം 180 ആണ്. ( Rule 79 )
* ഏതെങ്കിലും തരത്തിലുള്ള ലീവ്/ ഡയസ് നോൺ കാലയളവ് ഏൺ ഡ് ലീവിന് കണക്കാക്കില്ല.

* വിരമിക്കുന്നതിന് മുന്നോടിയായി പരമാവധി 300 ഏൺഡ് ലീവുകൾ സറണ്ടർ ചെയ്യാവുന്നതാണ്.

* ഒരു സാമ്പത്തിക വർഷം പരമാവധി സറണ്ടർ ചെയ്യാവുന്ന ഏൺഡ് ലീവ് 30 ആണ്.

* താൽകാലിക വിഭാഗം ജീവനക്കാർക്ക് വർഷം തോറും 1/11 എന്ന് നിരക്കിൽ ഒരു വർഷം പരമാവധി 15 ദിവസത്തെ ഏൺ ഡ് ലീവ് അനുവദിക്കാവുന്നതാണ്.

* പാർട്ട് ടൈം കണ്ടിജെന്റ് ജീവനക്കാർക്ക് 1/22 എന്ന നിരക്കിൽ ഏൺഡ് ലീവ് കണക്കാക്കുകയും എന്നാൽ ഒരു വർഷം 15 എന്ന നിരക്കിൽ പരിമിതപ്പെടുത്തുകയും ചെയ്യുന്നു.
Para 34 (a) GO (P)No.3000/98 Fin. Dtd.25.11.1998

* ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമേ ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കുകയുള്ളൂ.

* ഏൺ ഡ് ലീവിന് തുടർച്ചയായി കമ്മ്യൂട്ടഡ് ലീവ് എടുക്കാവുന്നതാണ്. എന്നാൽ ഏൺ ഡ് ലീവിന് മുൻപോ പിൻപോ കാഷ്വൽ ലീവ് അനുവദനീയമല്ല.